രിക്കും പഞ്ചാബ്പ്രശ്നം. ക്ഷമയോടും ദീർഘവീക്ഷണത്തോടുംകൂടി ഈ പ്രശ്നത്തിനു പരിഹാരം കാണുന്നതിൽ ഭരണകക്ഷിയും പ്രതിപക്ഷകക്ഷികളും യോജിച്ചാൽ മാത്രമെ അതിന്റെ രൂക്ഷത അല്പമെങ്കിലും കുറഞ്ഞുകിട്ടുകയുള്ളൂ. ഇന്ത്യയുടെ അഖണ്ഡത എന്ന പ്രശ്നത്തിൽ വിട്ടുവീഴ്ച പാടില്ല. കേന്ദ്രഗവണ്മെന്റിന്റെ ശക്തി അങ്ങേയററം കുറച്ച്, അതിനെ കേവലമൊരു സങ്കല്പത്തിന്റെ നിലയിലേക്കു താഴ്ത്തി കൊണ്ടുവരാനുള്ള ശ്രമങ്ങളെയും ദൃഢതയോടെ ചെറുത്തേ പററൂ. ഇന്ത്യയെന്നതു വെറുമൊരു സാംസ്കാരികസങ്കല്പനം മാത്രമായിരുന്നാൽ പോരാ; ജ്ഞാനശക്തിയും ഇച്ഛാശക്തിയും പ്രയത്നശക്തിയുമുള്ള ഒരു ആധുനികരാഷ്ട്രം കൂടിയായി തുടരണം ഇന്ത്യ. സംഘടിതമായ ഭീകരപ്രവർത്തനങ്ങളെ സർക്കാർ ബലം പ്രയോഗിച്ചും നിഷ്കരുണമായും അമർച്ചചെയ്യണം. അതേസമയം, ഭരണത്തെ തികച്ചും അഴിമതിയിൽനിന്നു വിമുക്തമാക്കുകയും, ജനങ്ങൾക്കു നീതി ഉടനുടൻ ലഭ്യമാക്കുകയും വേണം. സദ്ഭരണമുണ്ടായാൽത്തന്നെ ജനങ്ങൾക്കിടയിലെ അസംതൃപ്തി വലിയ തോതിൽ കെട്ടടങ്ങും. ഭീകരപ്രവർത്തകരോടു പെരുമാറുന്ന അതേ രീതിയിൽ നിഷ്കരുണമായി, സാമ്പത്തിക–സാമൂഹ്യ–കുററവാളികളോടും പെരുമാറാൻ ഭരണകൂടത്തിനു കഴിയണം.

പഞ്ചാബിലെ പ്രശ്നം അടിസ്ഥാനകരമായ രൂപത്തിൽ, ഇന്ത്യയിലെല്ലാമുണ്ട്. പഞ്ചാബിൽ അതു കുറെക്കൂടി ഉഗ്രരൂപം കൈക്കൊണ്ടിരിക്കുന്നുവെന്നേയുള്ളൂ.

(12 ഏപ്രിൽ, 1985)

## 27. ഇന്ദിരാഗാന്ധി

ബാഹ്യങ്ങളും ആഭ്യന്തരങ്ങളുമായ എണ്ണമററ വിപത്തുകൾ നിറഞ്ഞ പതിനാറു വർഷങ്ങളിൽ പ്രധാനമന്ത്രിയെന്ന നിലയിൽ ഇന്ത്യയിലെ എഴുപതുകോടി ജനങ്ങളുടെ ഭാഗധേയം സമർത്ഥമായി നിയന്ത്രിച്ചുപോന്ന ഇന്ദിരാഗാന്ധിയുടെ ഉജ്ജ്വലവും ഊർജസ്വലവുമായ ജീവിതത്തിന് ഒക്ടോബർ 31–ാം തീയതി രാവിലെ രണ്ടു മതഭ്രാന്തരുടെ വെടിയുണ്ടകൾ വിരാമം കുറിച്ചിരിക്കുന്നു. മഹാത്മാഗാന്ധിയുടെ വധത്തിനുശേഷം ഇന്ത്യ നേരിടേണ്ടിവന്ന ഏററവും ദാരുണമായ വിപത്താണ് ഈ കൊലപാതകമെന്നതിൽ രണ്ടഭിപ്രായമുണ്ടാവാൻ വഴിയില്ല. ഇന്ദിരാഗാന്ധിയുടെ ജീവൻ അപഹരിച്ച വെടിയുണ്ടകൾ യഥാർത്ഥത്തിൽ ഇന്ത്യൻ ജനതയുടെ ആത്മാവിലാണ് വന്നുതറച്ചിരിക്കുന്നത്. അവ ഉളവാക്കിയ മുറിവുകൾ ഉണങ്ങാൻ വളരെക്കാലം പിടിച്ചേക്കും.

ഇന്ദിരാഗാന്ധിയെ നേരിട്ടു കാണാത്തവരോ, അവരുമായി ബന്ധപ്പെട്ട ഏതെങ്കിലും വൈയക്തികസ്മരണകൾ ഇല്ലാത്തവരോ ഇന്നത്തെ ഇന്ത്യയിൽ കുറവായിരിക്കും. മോത്തീലാൽ നെഹ്റുവിന്റെ പൗത്രിയും ജവാഹർലാൽ നെഹ്റുവിന്റെ പുത്രിയുമായി 1917 നവംബർ 19–ാം തീയതി അലാഹാബാദിലെ 'ആനന്ദഭവന'ത്തിൽ (ഇതു പിന്നീട് 'കോൺഗ്രസ്ഭവനം' ആയി) പിറന്ന ഇന്ദിര വളർന്നത് സ്വാതന്ത്ര്യസമരത്തിൽ അനുഭാവമുള്ള എല്ലാ ഇന്ത്യാക്കാരുടെയും 'പ്രിയദർശിനി'യായിട്ടാണ്. തുടർച്ചയായ ജയിൽവാസം നിമിത്തം നിത്യസമ്പർക്കത്തിലൂടെ ഏകപുത്രിയുടെ സ്വഭാവം രൂപവത്ക്കരിക്കുന്നതിനു കഴിയാതിരുന്ന

പിതാവ് കത്തുകളിലൂടെ അവൾക്ക നൽകിയ വിപുലമായ സാംസ്കാരിക ശിക്ഷണത്തിൽ ഇന്ദിരയോടൊപ്പം, ഏതാണ്ട് ആ പ്രായത്തിലുള്ള ഇന്ത്യയിലെ എല്ലാ കുട്ടികളും കുറെയൊക്കെ, മുതിർന്നവരും അക്കാലത്ത് പങ്കു പററുകയുണ്ടായി. ഈ മഹാരാജ്യത്തിലെ ഒരു തലമുറയ്ക്ക് മുഴുവൻ സഹോദരീനിർവിശേഷമായ മമത്വം ഇന്ദിരാഗാന്ധിയോട് ഇതു നിമിത്തം ഉളവാകുകയുംചെയ്തു. ഗാന്ധിജിയെ ചോദ്യം കൂടാതെ അനുസരിച്ചുവന്ന സ്വാതന്ത്ര്യപ്രണയികളുടെ സ്നേഹബഹുമാനങ്ങൾ നെഹ്റുകുടുംബത്തിലാണ് കേന്ദ്രീകരിച്ചിരുന്നത്. തന്റെ മാതാപിതാക്കളിൽനിന്ന് ഇന്ദിരാഗാന്ധിക്ക കൈവന്ന ഏററവും ഉത്കൃഷ്ടമായ പൈതൃകം ഒരുപക്ഷേ, ഭാരതീയ ജനതയുടെ സ്നേഹബഹുമാനങ്ങൾ ആയിരിക്കണം.

ഒരു രാഷ്ട്രീയസമരമെന്നതിലേറെ, സർവാശ്ലേഷകമായ ഒരു സാംസ്കാരികനവോത്ഥാനമായിരുന്നുവല്ലോ ഇന്ത്യയുടെ സ്വാതന്ത്ര്യപ്രസ്ഥാനം. ഈ നവോത്ഥാനത്തിന്റെ ശക്തിയും സൗന്ദര്യവും പൂർണമായും ഉൾക്കൊള്ളാൻ ഇന്ദിരാഗാന്ധിക്ക കഴിഞ്ഞു. മഹാത്മാഗാന്ധിയും രവീന്ദ്രനാഥടാഗോറും ജവാഹർലാൽ നെഹ്റുവും പ്രതിനിധാനംചെയ്ത ഭാരതീയ നവോത്ഥാനത്തിന്റെ വ്യത്യസ്ത വശങ്ങൾ ഇന്ദിരാഗാന്ധിയുടെ സങ്കീർണമായ വ്യക്തിത്വത്തിൽ ഏറിയോ കുറഞ്ഞോ ഉൾച്ചേരുകയെന്നതു സ്വാഭാവികം മാത്രമായിരുന്നു. ആ വ്യക്തിത്വത്തിൽ വജ്രകഠോരമായ നിശ്ചയദാർഢ്യവും കുസുമസുകുമാരമായ ദീനജനാനുകമ്പയും ഒരേ അനുപാതത്തിൽ ഉൾച്ചേർന്നിരുന്നു.

സ്വാതന്ത്ര്യസമരാനുഭവങ്ങളും, ഇന്ത്യയിലും യൂറോപ്പിലുമായി നേടിയ വൈവിധ്യമാർന്ന ഉദാരവിദ്യാഭ്യാസവും, സ്വന്തം ഇഷ്ടപ്രകാരമുള്ള വിവാഹവും—അങ്ങനെ, തികച്ചും തനതായ വ്യക്തിത്വം ആർജിച്ചു കഴിഞ്ഞ ശേഷമാണ്, ലോകനേതാക്കളിലൊരാളായ പിതാവിന്റെ വീട്ടുവിചാരിപ്പുകാരിയെന്ന നിലയിൽ, രാജ്യഭരണത്തിന്റെയും രാഷ്ട്രതന്ത്രത്തിന്റെയും സൈദ്ധാന്തികവും പ്രായോഗികവുമായ വശങ്ങളിൽ, 1947 മുതൽ 1964 വരെ പതിനേഴു വർഷം നീണ്ടുനിന്ന പരിശീലനം ഇന്ദിരാഗാന്ധി നേടിയത്. സമകാലിക ലോകനേതാക്കൾക്കിടയിൽ തലയുയർത്തിപ്പിടിക്കാനും, ദൃഢതയോടെ സ്വാഭിപ്രായം എവിടെയും തുറന്നു പറയാനും, അനീതിയെ എതിർക്കാനും, ദുർബലരുടെ ചേരിയിൽ നിലയുറപ്പിക്കാനും ഇന്ദിരയ്ക്കു പ്രാപ്തി നൽകിയത് ഈ പരിശീലനമായിരുന്നു. ഭരണകാര്യങ്ങളിൽ ഇത്ര കാര്യക്ഷമമായ ഒരു 'അപ്രന്റിസ്ഷിപ്പ്' ഇന്ത്യയിലെന്നല്ല, ലോകത്തിൽത്തന്നെ വളരെക്കുറച്ചുപേർക്കേ ലഭിച്ചിരിക്കുകയുള്ളൂ.

ഇന്ത്യൻ രാഷ്ട്രീയരംഗത്തിലെ അധൃഷ്യനായികയെന്ന പദവി ഇന്ദിരാഗാന്ധിക്ക് അനായാസമായി കൈവന്നതല്ല. നെഹ്റു ഇന്ദിരയെ തന്റെ പിൻഗാമിയാക്കി വളർത്തിയെടുത്തു എന്നു പറയുന്നതിൽ വലിയ അർത്ഥമില്ല. ഇന്ദിരാഗാന്ധി ഒരു നാലാംകിടമന്ത്രിയെങ്കിലുമായത് ജവാഹർലാൽ നെഹ്റുവിന്റെ മരണത്തിനുശേഷം മാത്രമാണ്. രാഷ്ട്രീയരംഗത്തിൽ ഉയർച്ചയുടെ ഓരോ പടവിലും സ്വന്തം പാർട്ടിക്ക പുറത്തുള്ളവരോടെന്നതിലേറെ അതിനകത്തുള്ളവരോട് ഇന്ദിരാഗാന്ധിക്ക നിരന്തരം പൊരുതേണ്ടിവന്നു. കോൺഗ്രസ്പാർട്ടിക്കകത്ത് അട്ടകൾപോലെ കടിച്ചുതൂങ്ങിയിരുന്ന പിന്തിരിപ്പൻശക്തികളെ കുടഞ്ഞു കളയുന്നതിനു പലതവണ ആ പാർട്ടി പൊളിച്ചു പണിയുവാൻ ഇന്ദിരാഗാന്ധി നിർബന്ധിതയായി. ശക്തിരാഷ്ട്രീയത്തിന്റെ ചരടുവലികളിൽ ഇന്ദിരാഗാന്ധി അനന്യസാധാരണമായ വൈദഗ്ധ്യം നേടിയെന്നത് ഒരു വസ്തുതയാണ്. നിലനില്പിന് അത് ആവശ്യമായിരുന്നു ഈ രംഗത്തു നേടിയ

വിജയങ്ങൾ ഇന്ദിരാഗാന്ധിക്ക് സ്വാഭാവികമായും ഒട്ടേറെ ശത്രുക്കളെ ഉളവാക്കുകയും ചെയ്തു. ജ്വരംപോലെയോ ഉന്മാദംപോലെയോ ഇന്ദിരാവിരോധമെന്ന രോഗം സ്ഥിരമായി ബാധിച്ച പലരേയും നമുക്കറിയാം. ഇന്ദിരാഗാന്ധിയെ ഇടിച്ചുതാഴ്ത്തുകയെന്നതു ജീവിതവ്രതമായി അംഗീകരിച്ചവരും കുറവല്ല. ഇന്ദിരയെ താഴ്ത്തിക്കെട്ടുവാൻവേണ്ടി ഏതു ഹീന മാർഗവും അംഗീകരിക്കാൻ കൂസലില്ലാത്തവർ ഏറെയുണ്ട്. ഇന്ദിരാഗാന്ധിയുടെ ഭൗതികജീവിതം അവസാനിപ്പിച്ച വെടിയുണ്ടകൾ വർഷിച്ച രണ്ടു സിഖ്പോലീസുകാരിൽ കത്തിനിന്ന ഇന്ദിരാവിദ്വേഷം പല മാത്രകളിൽ ഹൃദയങ്ങൾക്കകത്ത് എത്രയോ കാലമായി കൊണ്ടുനടന്നിരുന്നവർ ഇന്ത്യയിൽ കുറച്ചൊന്നുമല്ല. പക്ഷേ, സാധാരണ ഇന്ത്യൻ പൗരന്മാരിൽ ഭൂരിപക്ഷവും എന്നും ഇന്ദിരാഗാന്ധിയെ അകമഴിഞ്ഞു സ്നേഹിക്കുകയും, അവരിൽ സംരക്ഷണവും അഭയവും കാണുകയും, അവരുടെ പിന്നിൽ ഉറച്ചു നിൽക്കുകയുംചെയ്തു.

മനംമടുപ്പിക്കുന്ന രാഷ്ട്രീയച്ചുരുട്ടവലികൾ നിരന്തരം നടത്തേണ്ടി വന്നപ്പോഴും, ഭാരതസ്വാതന്ത്ര്യത്തിന്റെ സ്ഥാപകപിതാക്കൾ വ്യക്തമായി നിർവചിച്ചിരുന്ന മതനിരപേക്ഷത, വ്യവസായവത്ക്കരണം, ജനാധിപത്യം, സോഷ്യലിസം എന്നീ ആഭ്യന്തര ലക്ഷ്യങ്ങളിലും; ചേരിചേരായ്മ, സാമ്രാജ്യത്വവിരോധം, വർണവിവേചന വിരോധം, സമാധാനം എന്നീ അന്താരാഷ്ട്രീയ ലക്ഷ്യങ്ങളിലും സ്വന്തം ദൃഷ്ടികൾ പതറാതെ നിർത്താൻ ഇന്ദിരാഗാന്ധിക്കു കഴിഞ്ഞു. 'ദാരിദ്ര്യം അകറ്റുക' (ഗരീബി ഹടാവോ) എന്നതു് ഇന്ദിരാഗാന്ധിയെ സംബന്ധിച്ചിടത്തോളം വെറും വാചികമായ ഒരു മുദ്രാവാക്യം മാത്രമായിരുന്നില്ല. സ്വാതന്ത്ര്യത്തിന്റെ ഫലങ്ങൾ സാധാരണ ജനങ്ങളിലെത്തിക്കുന്നതിനുള്ള ആത്മാർത്ഥ പരിശ്രമമാണ് ഇന്ദിരാഗാന്ധിയുടെ ഇരുപതിന പരിപാടിയെന്നതിലും സംശയമില്ല. എന്നാൽ, സാമ്പത്തികവും സാമൂഹ്യവുമായ ഈ നയപരിപാടികൾ സത്യസന്ധമായി നടപ്പിൽ വരുത്തുന്നതിനു് അത്യാവശ്യമായ ഒരു സംഘടന—ഏകഘടനവും അച്ചടക്കമുള്ളതുമായ ഒരു പാർട്ടിയും അഴിമതി തീണ്ടാത്ത ഒരു ഭരണയന്ത്രവും—പടുത്തുയർത്തുവാൻ ഇന്ദിരാഗാന്ധിക്കു കഴിഞ്ഞില്ല. സ്വാതന്ത്ര്യാനന്തരദശകങ്ങളിൽ ഇന്ത്യയിലെ പണക്കാരും ഇടത്തരക്കാരും ലക്ഷ്യബോധം കളഞ്ഞുകുളിച്ചിരുന്നു. കുറുക്കുവഴികളിലൂടെ പെട്ടെന്നു പണവും അധികാരവും നേടുകയെന്നതു് പഠിപ്പുള്ളവരുടെ ജീവിതലക്ഷ്യമായി മാറിക്കഴിഞ്ഞിരുന്നു. തല്ക്കാല ലാഭത്തിനുവേണ്ടി ഏതു ഹീനകൃത്യവും ചെയ്യാൻ രാഷ്ട്രീയപ്രവർത്തകർ പഠിച്ചുകഴിഞ്ഞിരുന്നു. അച്ചടക്കമുള്ള ഒരു പാർട്ടിയന്ത്രം കൈവശമില്ലാതിരുന്നതു് ഇന്ദിരാഗാന്ധിയുടെ ഭാഗ്യദോഷമായിരുന്നു; ഒപ്പം രാജ്യത്തിന്റെയും. ഇക്കാരണത്താൽ, അന്താരാഷ്ട്രീയ വേദികളിൽ അനായാസമായി പ്രകടിപ്പിച്ച പ്രഭാപ്രസരവും കർമദക്ഷതയും ആഭ്യന്തരകാര്യങ്ങളിൽ കൈവരിക്കാൻ ഇന്ദിരാഗാന്ധിക്കു കഴിഞ്ഞില്ല. ഒരു പുതിയ ലോകസാമ്പത്തിക ക്രമത്തെപ്പററി വാചാലമായി സംസാരിച്ച് അന്താരാഷ്ട്രീയ സമൂഹത്തെ അത്ഭുതസ്തബ്ധമാക്കുക അനായാസമായിരുന്നപ്പോഴും, ഇന്ത്യയിലെ ആയിരക്കണക്കിനു കുഗ്രാമങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിൽ ഇന്ത്യൻ പ്രധാനമന്ത്രി പരാജയപ്പെടുകതന്നെ ചെയ്തു. എങ്കിലും, ഇന്ത്യൻ വ്യവസായത്തിനു ഭദ്രമായ ഒരടിത്തറ ഇന്ദിര നിർമിച്ചു. കൃഷിയിലെ ഹരിതവിപ്ലവവും എണ്ണഖനനത്തിലെ പുരോഗതിയും, ഉരുക്ക്, ഘനയന്ത്രങ്ങൾ മുതലായ വ്യവസായങ്ങളിലെ മുന്നേററവും ഭാരതീയർക്ക് ഭദ്രതരമായ ഭാവി വാഗ്ദാനം ചെയ്യുന്നുണ്ട്. നമ്മുടെ പിടിപ്പുകേടുമൂലം ഇന്നു് നാല്പതോ അമ്പതോ ശതമാനം മാത്രം ഉല്പാദനം നടക്കുന്നവയും, പലപ്പോഴും

ഖജനാവിനു ദുർവഹമായ നഷ്ടം വരുത്തിവയ്ക്കുന്നവയുമായ പൊതുമേഖലാ സ്ഥാപനങ്ങരം ലാഭപ്രദമായി പ്രവർത്തിപ്പിക്കാൻ സാധിച്ചാൽത്തന്നെ ഏതാനം വർഷങ്ങരംക്കകം ജനങ്ങളെ ദാരിദ്ര്യരേഖയ്ക്കു മുകളിലുയർത്തുക നമുക്ക് അസാദ്ധ്യമായിക്കൊള്ളണമെന്നില്ല.

തികച്ചും ആധുനികമായ ജീവിതവീക്ഷണം ഉരംക്കൊണ്ടിരുന്ന ഇന്ദിരാഗാന്ധി ഇന്ത്യയിൽ ശാസ്ത്രീയബോധം പ്രചരിപ്പിക്കുന്നതിനു നൽകിയ സംഭാവന അതുല്യമത്രെ. അണുഭേദനം, റോക്കററ്നിർമാണം മുതലായ രംഗങ്ങളിൽ ഇന്ത്യ കൈവരിച്ച നേട്ടങ്ങരംക്കു നാം വളരെ വലിയ അളവിൽ ഇന്ദിരാഗാന്ധിയോടു കടപ്പെട്ടിരിക്കുന്നു. ഇലക്ട്രോണിക് രംഗമാണ് അത്യന്തം വികസനസാദ്ധ്യതയുള്ള മറെറാരു രംഗം. ടെലിവിഷൻ പ്രക്ഷേപണത്തിൽ ഇന്ത്യ ഈയിടെ കൈവരിച്ച വികാസം മഹത്തായ വിജ്ഞാനവ്യാപനസാധ്യതയുരംക്കൊള്ളുന്നതാണ്. ദക്ഷിണധ്രുവപര്യവേക്ഷണത്തിൽ വൻശക്തികരംക്കു തൊട്ടു താഴെ ഒരു സ്ഥാനം ഇന്ത്യ നേടിയിരിക്കുന്നു. ബാഹ്യാകാശത്തെയും ആഴക്കടലിനെയും മനുഷ്യസൗഖ്യത്തിനുവേണ്ടി ഉപയോഗപ്പെടുത്തിത്തുടങ്ങുമ്പോരം, ഇന്ത്യ മററാർക്കും പിന്നിലായിരിക്കുകയില്ല. ത്വരിതമായ വ്യവസായവികസനം സാധിക്കുന്നതോടൊപ്പം, ഭൂമിയിലെ വിഭവങ്ങരം പരിമിതങ്ങളാണെന്ന ധാരണയോടെ പരമാവധി മിതവ്യയം പാലിക്കേണ്ടതിന്റെ ആവശ്യവും ഇന്ദിരാഗാന്ധി നല്ലതുപോലെ മനസ്സിലാക്കിയിരുന്നു. വനവിധ്വംസനത്തിനെതിരെയും പ്രകൃതിസംരക്ഷത്തിനനുകൂലമായുമുള്ള ബോധം ഇന്ത്യയിൽ ഇന്നു കുറച്ചെങ്കിലും പ്രചരിച്ചിട്ടുണ്ടെങ്കിൽ അതിനു നാം ഇന്ദിരാഗാന്ധിയോടു നന്ദി പറയേണ്ടിയിരിക്കുന്നു.

ഇന്ത്യയ്ക്കെതിരായ ആക്രമണങ്ങളെ ചെറുത്തു തോല്പിക്കുന്നതിൽ ഇന്ദിരാഗാന്ധി പ്രശംസാവഹമായ വൈദഗ്ദ്ധ്യം പ്രദർശിപ്പിക്കുകയുണ്ടായി. ഒരു സമരത്തിലും അവർ തോററില്ല. 1971–ൽ ബംഗ്ലാദേശിന്റെ വിമോചനസമരത്തിനു് ഇന്ത്യ നൽകിയ സഹായം പാകിസ്ഥാന്റെ 'ചൂഷണത്തിൽനിന്നു കിഴക്കൻ ബംഗാളിനെ എന്നെന്നേക്കുമായി മോചിപ്പിക്കുക മാത്രമല്ല ചെയ്തതു്; പാകിസ്ഥാനിൽനിന്നു് ഇന്ത്യ നിരന്തരം നേരിട്ടുകൊണ്ടിരുന്ന സൈനിക വിപത്തിനെ പരമാവധി ലഘൂകരിക്കുകയും ചെയ്തു. അന്നു് പാകിസ്ഥാന്റെ പക്ഷത്തുചേർന്നു അമേരിക്കയുടെ അണ്വായുധ ഭീഷണിയെ നേരിടുന്നതിനു് സോവിയററ് യൂണിയനുമായി അക്കാലത്തുണ്ടാക്കിയ സഖ്യം പ്രയോജനപ്പെട്ടു. ഇന്ത്യാ–സോവിയററ് മൈത്രിയുടെ ആസൂത്രകൻ ജവഹർലാൽ നെഹ്റുവായിരുന്നെങ്കിൽ, അതിനെ പുഷ്ടിപ്പെടുത്തിയതും, ദക്ഷിണേഷ്യയിലെ സമാധാനത്തിനു് ഈ മൈത്രിയെ ഉറച്ച ആധാരമാക്കിയതും ഇന്ദിരാഗാന്ധിയായിരുന്നു. ചേരിചേരാ രാജ്യങ്ങളുടെ നേതൃപദവിയിൽ ജവാഹർലാൽ നെഹ്റു, മാർഷൽ ടിറേറാ, നാസർ, ഫിഡേൽ കാസ്ട്രോ എന്നിവരോടൊപ്പം ഇന്ദിരാഗാന്ധിയുടെ പേരും എന്നും സ്മരിക്കപ്പെടും.

ഇന്ദിരാഗാന്ധിയുടെ നടപടികളിൽ പലതും ഇന്ത്യയ്ക്കകത്തു നിരന്തരമായ വിമർശനത്തിനു ശരവ്യയങ്ങളായിട്ടുണ്ട്. തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽവന്ന കേരളത്തിലെ കമ്യൂണിസ്റ്റ്ഗവണ്മെൻറിനെ അധികാരഭ്രഷ്ടമാക്കുന്നതിൽ കോൺഗ്രസ് പ്രസിഡണ്ട് എന്ന നിലയിൽ ഇന്ദിരാഗാന്ധി ചെലുത്തിയ സ്വാധീനമാണ് ഇവയിലൊരു നടപടി. ഈ ഇടപെടലിനെസ്സംബന്ധിച്ച നമ്മുടെ അഭിപ്രായം എന്തായിരുന്നാലും, അതുണ്ടായിരുന്നില്ലെങ്കിൽ, അലയടിച്ചുയർന്ന ജനകീയപ്രക്ഷോഭത്തിനുമുമ്പിൽ കേരളാഗവണ്മെൻറിനു സ്വയം രാജിവെച്ച് ഒഴിഞ്ഞുപോകേണ്ടിവരുമായിരുന്നു എന്നതു മറക്കാൻ പാടില്ലാത്ത ഒരു വസ്തുതയാകുന്നു.

1971–ൽ ഉത്തരപ്രദേശിലെ റായ്ബറേലി നിയോജകമണ്ഡലത്തിൽ നിന്നു പാർലമെൻറിലേക്ക് ഇന്ദിരാഗാന്ധി തെരഞ്ഞെടുക്കപ്പെട്ടു. എതിർസ്ഥാനാർത്ഥിയായിരുന്ന ശ്രീ രാജ്നാരായണൻെറ ഹർജിയെ ത്തുടന്ന് അലഹാബാദ് ഹൈക്കോടതിയിലെ ജസ്റ്റിസ് സിൻഹ ഈ തെരഞ്ഞെടുപ്പ് റദ്ദാക്കുകയും, ആറു വർഷത്തേക്ക് ഇന്ദിരാഗാന്ധി ഒരു തിര ഞ്ഞെടുപ്പിനും നിൽക്കരുതെന്നു വിധിക്കുകയുംചെയ്തു. ഒരു സർക്കാറു ദ്യോഗസ്ഥനായിരുന്ന ശ്രീ യശ്പാൽ കപൂർ ഈ തെരഞ്ഞെടുപ്പിൽ ഇന്ദി രാഗാന്ധിക്കുവേണ്ടി പ്രവത്തിച്ചു എന്നും. ഇന്ദിരാഗാന്ധിക്കു പ്രസംഗി ക്കാൻവേണ്ടി ഒരു തറ ഉത്തർപ്രദേശ് സർക്കാരിൻെറ ചെലവിൽ നിർമി ക്കപ്പെട്ടു എന്നുമായിരുന്ന ഇന്ദിരാഗാന്ധിയുടെമേൽ ആരോപിക്കപ്പെട്ടിരു ന്ന രണ്ട് 'അഴിമതി'കൾ പ്രധാനമന്ത്രിയുടെ ഓഫീസിൽ സ്പെഷ്യൽഡ്യൂ ട്ടിയിലായിരുന്ന യശ്പാൽ കപൂർ തെരഞ്ഞെടുപ്പിനുമുമ്പു സർക്കാർജോ ലി രാജിവെച്ചിരുന്നുവെന്നും ഇന്ത്യയിലെ പ്രധാനമന്ത്രിക്കു നിന്നു പ്രസം ഗിക്കാൻ ഒരു സ്റ്റേററ്ഗവൺമെൻറ് ഒരു തറ ഉണ്ടാക്കിയാൽ അതിൽ തെറെറാന്നുമില്ലെന്നുമുള്ള വാദങ്ങൾ ജസ്റ്റിസ് സിൻഹ സ്വീകരിച്ചില്ല. ഇത്തരം രണ്ടു 'കററങ്ങൾ'ക്ക് ഇത്ര ഭീമമായ ഒരു ശിക്ഷ ഒരു പ്രധാനമന്ത്രി ക്ക് ഇന്ത്യയിൽ നൽകപ്പെട്ടു എന്നു പറഞ്ഞാൽ ഇന്ന് ആരെങ്കിലും വിശ്വ സിക്കുമോ ആവോ! ഏതായാലും സുപ്രീംകോടതിയിൽ അപ്പീൽ കൊടു ക്കാൻ ഇരുപതു ദിവസം ജസ്റ്റീസ് സിൻഹ ദയാപൂർവം ഇന്ദിരാഗാന്ധി ക്ക് അനുവദിച്ചിരുന്നു. ഈ വിധിയെത്തുടന്ന് പ്രധാനമന്ത്രിപദം ഉടൻ രാജിവയ്ക്കാതിരുന്നതിനാണ്, ജയപ്രകാശ് നാരായണൻെറ നേതൃത്വ ത്തിൽ ഇന്ദിരയ്ക്കെതിരായ 'സമഗ്രവിപ്ലവം' എതിർകക്ഷി നേതാക്കൾ ആരംഭിച്ചത്. അപ്പീലിൽ അലഹാബാദ് ഹൈക്കോടതിയുടെ വിധി സുപ്രീംകോടതി തടഞ്ഞുവെച്ചു. താമസിയാതെ ഇന്ദിരാഗാന്ധി അടിയ ന്തിരാവസ്ഥ പ്രഖ്യാപിക്കുകയും ചെയ്തു. ജനാധിപത്യത്തിൻെറ പേരിൽ ചിലർ ജനാധിപത്യ പ്രവത്തനം അസാധ്യമാക്കിയതും. പട്ടാളത്തെ വിപ്ലവത്തിനു പ്രേരിപ്പിച്ചതുമാണ് അടിയന്തിരാവസ്ഥാപ്രഖ്യാപനത്തി നു കാരണമായി പറയപ്പെട്ടത്. ജനാധിപത്യത്തിൽ സംഭവിക്കാൻ പാടില്ലാത്ത പലതും അടിയന്തിരാവസ്ഥക്കാലത്തു നടന്നിട്ടുണ്ടെന്നതിൽ സംശയമില്ല. പൊതുജീവിതത്തിൽ അച്ചടക്കം പുനഃസ്ഥാപിക്കുകയെന്ന ലക്ഷ്യമായിരുന്നു അടിയന്തിരാവസ്ഥാപ്രഖ്യാപനത്തിന്. പക്ഷേ, പൊതുജീവിതത്തിൽ അച്ചടക്കം സ്ഥാപിക്കുക അടുത്ത കാലത്തൊന്നും സാധ്യമല്ലാതാക്കിത്തീർക്കുകയായിരുന്നു ഈ പ്രഖ്യാപനത്തിൻെറ പരിണ തഫലം. ഇന്ദിരാഗാന്ധിയുടെ നടപടികളിൽ ഏററവുമധികം വിമർശന വിധേയമായത് അടിയന്തിരാവസ്ഥാപ്രഖ്യാപനമാണ്.

കോൺഗ്രസ്സിതര സംസ്ഥാനഗവണ്മെൻറുകളെ അസ്ഥിരപ്പെടുത്തുന്ന തിൽ ഇന്ദിരാഗാന്ധി നിർവഹിച്ചതായി പറയപ്പെടുന്ന പങ്ക് അടുത്ത കാലത്തു കടുത്ത വിമർശനത്തിനു വിഷയമാവുകയുണ്ടായി. കാശ്മീരിൽ ഫറൂഖ് അബ്ദുള്ള അധികാരഭ്രഷ്ടനായത് അവിടത്തെ കോൺഗ്രസ്സിൻെറ സഹായം നാഷനൽ കോൺഫറൻസ് പാർട്ടിയുടെ വിഘടിത വിഭാഗ ത്തിനു കൈവന്നതുകൊണ്ടാണ്. കോൺഗ്രസ്പാർട്ടിയുടെ ഈ പ്രവൃത്തി വിവേകശൂന്യമാവാം; പക്ഷേ, അതു നിയമവിരുദ്ധമല്ല. എന്നാൽ, ആന്ധ്രാപ്രദേശിലെ രാമറാവുമന്ത്രിസഭയെ അധികാരത്തിൽനിന്നു ഗവർ ണർ രാമലാൽ പുറത്താക്കിയതു നിയമവിരുദ്ധംതന്നെയായിരുന്നു. ഇക്കാ ര്യത്തിൽ തനിക്ക് ഒരു പങ്കുമില്ലെന്ന് ഇന്ദിരാഗാന്ധി പ്രസ്താവിച്ചതു പലർക്കും വിശ്വാസയോഗ്യമായി തോന്നിയിട്ടില്ല.

മുമ്പു പറഞ്ഞതുപോലെ, രാഷ്ട്രീയപ്രവത്തനം അധികാരലാഭ ത്തിനും ധനസമ്പാദനത്തിനുമുള്ള കുറുക്കുവഴിയും, ആ പ്രവത്തനത്തിൽ

ഏറ്റു ഹീനതന്ത്രവും അനുവദനീയവും ആയി മാറിയിട്ടുള്ള ഇന്നത്തെ പരിതസ്ഥിതിയിൽ ആഭ്യന്തരരംഗത്തിൽ, പാർട്ടിതലത്തിലും, സർക്കാർതലത്തിലും, ഇന്ദിരാഗാന്ധിയും ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിൽ കേന്ദ്രഗവൺമെൻറും കൈക്കൊണ്ട പല നടപടികളും വിമർശനത്തിൽനിന്നു മുക്തങ്ങളല്ല. സംസ്ഥാനങ്ങളിലെ വൃത്തികേടുകൾ കേന്ദ്രത്തിലേക്കു കയറിപ്പററാതെ നോക്കുന്നതിൽ ഇന്ദിരാഗാന്ധി വലിയ ഒരളവോളം വിജയിച്ചുവെന്ന വസ്തുത ഇരിക്കെത്തന്നെ, ഇന്ത്യൻ രാഷ്ട്രീയരംഗത്തിൽ സാർവത്രികമായിക്കാണുന്ന ധർമ്മഭ്രംശത്തിനുള്ള ഉത്തരവാദിത്വത്തിൽനിന്നു പൂർണ്ണമായും ഒഴിയുവാൻ ഇന്ദിരാഗാന്ധിക്കു കഴിയുമെന്നു തോന്നുന്നില്ല. അടിയന്തരപരിഹാരം കാണേണ്ടിയിരുന്ന പല കാര്യങ്ങളും തീരുമാനമെടുക്കാതെ നീട്ടിക്കൊണ്ടുപോയെന്ന ആരോപണവും ഇന്ദിരാഗാന്ധിക്കെതിരെ ഉന്നയിക്കാവുന്നതാണ്. ആസ്സാമിലേക്കുള്ള ബംഗ്ലാദേശികളുടെ നുഴഞ്ഞുകയററം ഇത്തരമൊരു പ്രശ്നമാണ്. പഞ്ചാബിലെ അകാലിപ്രക്ഷോഭം മറെറാന്നും. ഈ രണ്ടാമത്തെ പ്രശ്നം അതിർകടന്നു വളർന്നതു നിമിത്തമാണല്ലോ ഇന്ദിരാഗാന്ധിക്ക്, തൻെറ ശാരീരികവും മാനസികവുമായ കഴിവുകൾ കത്തിനില്ക്കേ, ദാരുണമാംവിധം ജീവൻ വെടിയേണ്ടിവന്നത്.

നമ്മുടെ ഇടയിൽ, നമ്മേപ്പോലെ ഒരാളായി, ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്തുവന്ന ഇന്ദിരാഗാന്ധിയുടെ ജീവിതത്തെ സമഗ്രമായി നോക്കിക്കാണാനും നിഷ്പക്ഷമായി വിലയിരുത്താനും വളരെയേറെ പ്രയാസമുണ്ട്. ഗുണങ്ങളെ ചുരുക്കിയും ദോഷങ്ങളെ പെരുപ്പിച്ചും കാണാനേ സമകാലികത സഹായിക്കൂ. ഇന്ദിരാഗാന്ധിയുടെ ശബളാഭമായ സങ്കീർണ്ണവ്യക്തിത്വത്തെ അടുത്ത തലമുറ ശരിയായി മനസ്സിലാക്കിയേക്കാം. ആയിരത്താണ്ടുകളിൽ പരന്നുകിടക്കുന്ന ഇന്ത്യയുടെ ചരിത്രത്തിൽ അസാധാരണയായ ഈ സ്ത്രീ വഹിച്ച നിർണ്ണായകമായ പങ്ക് അവർ സത്യസന്ധമായി വിലയിരുത്തുകയും ചെയ്തേക്കാം.

എങ്കിലും ഒന്ന് ഇപ്പോഴത്തന്നെ പറയാം. ചന്ദ്രഗുപ്തമൗര്യൻ, അശോകൻ, സമുദ്രഗുപ്തൻ, ഹർഷവർധനൻ, മഹേന്ദ്രവർമ്മപല്ലവൻ, രാജരാജചോളൻ, അക്ബർ, ശിവാജി, നെഹ്റു, ഇന്ദിരാഗാന്ധി—ഇന്ത്യാചരിത്രത്തിലെ മഹാമഹിമശാലികളായ ഭരണാധികാരികളുടെ പരമ്പരയിൽ അവിസ്മരണീയമായ സ്ഥാനം ഇന്ദിരാഗാന്ധിക്കു ഭാവിതലമുറ നൽകാതിരിക്കുകയില്ല. സംഘർഷങ്ങളുടേതെന്നപോലെ, ബഹുമുഖങ്ങളായ നിർമാണപ്രക്രിയകളുടേതുമായ നമ്മുടെ കാലഘട്ടത്തിൽ, നീണ്ട രണ്ടു ശതാബ്ദങ്ങൾക്കുമേൽ, ഇന്ദിരാഗാന്ധിയുടെ സുന്ദരമായ പ്രതിച്ഛായ മായ്ക്കാനാവാത്തവിധം പരന്നുപതിഞ്ഞുകിടക്കുന്നു.

ധീരയായ ഈ ദേശഭക്തയുടെ സ്മരണയ്ക്കു മുമ്പിൽ നമുക്കു കൃതജ്ഞതയുടെ കണ്ണുനീർത്തുള്ളികൾ അർപ്പിക്കുക!

(1 നവംബർ, 1984)